C2/51/2025-LBRD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ്- വിജ്ഞാനകേരളം പദ്ധതിയുടെ കീഴിൽ സംസ്ഥാനത്തെ 100 ഐ.ടി.ഐ കളിൽ ക്ലാസ് റൂമുകൾ ഡിജിറ്റലൈസ് ചെയ്യാനും കമ്പ്യൂട്ടർ ലാബുകൾ സ്ഥാപിക്കുവാനും ഉള്ള പദ്ധതി നടപ്പിലാക്കുന്നതിനുള്ള SPV (Special Purpose Vehicle) ആയി KASE (Kerala Academy for Skills Excellence) നെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (സി) വകുപ്പ്**

സ.ഉ.(സാധാ) നം.1378/2025/LBR തീയതി,തിരുവനന്തപുരം, 01-12-2025

---

പരാമർശം:-

1. 03/05/2025 ലെ "വിജ്ഞാനകേരളം" അഡ്വൈസറുടെ കത്ത്
2. 24/10/2025 ലെ ട്രെയിനിംഗ് ഡയറക്ടറുടെ ഡി.റ്റി/2586/2025-ഐ2 നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട തൊഴിൽ ലഭ്യമാക്കുന്നതിനായുള്ള വിജ്ഞാന കേരളം പരിപാടി അടുത്ത അക്കാദമിക് വർഷത്തിൽ 5 ലക്ഷം വിദ്യാർത്ഥികൾക്ക് നൈപുണ്യ പരിശീലനം നൽകി 2 ലക്ഷം പേർക്ക് തൊഴിൽ നൽകുവാനായി ലക്ഷ്യമിട്ടിരിക്കുന്നതിനാൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ കമ്പ്യൂട്ടർ ലാബിന്റെ അഭാവം പരിഹരിക്കാനായി 2021-22-ലെ ബഡ്ജറ്റിൽ കോളേജുകളിൽ ക്ലാസ് റൂമുകൾ ഡിജിറ്റലൈസ് ചെയ്യാനും കമ്പ്യൂട്ടർ ലാബുകൾ സ്ഥാപിക്കുവാനും ഉള്ള പദ്ധതി KIIFB യുടെ സഹായത്തോടെ പ്രഖ്യാപിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ കോളേജുകളിൽ കമ്പ്യൂട്ടർ ലാബുകളും ലാംഗ്വേജ് ലാബുകളും സ്ഥാപിക്കുന്നതിനുള്ള കരട് പദ്ധതി "വിജ്ഞാനകേരളം" പദ്ധതി അഡ്വൈസർ പരാമർശം (1) പ്രകാരം സർക്കാരിൽ സമർപ്പിച്ചിരുന്നു.

2. വ്യാവസായിക പരിശീലന വകുപ്പിന് കീഴിലെ 10 ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളെ കിഫ്ബി ധനസഹായത്തോടെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തിയ പദ്ധതി വിജയകരമായി നടപ്പിലാക്കിയത് KASE (Kerala Academy for Skills Excellence) എന്ന SPV യിലൂടെ ആയതിനാൽ സംസ്ഥാനത്തെ 100 ഐ.ടി.ഐ കളിൽ വിജ്ഞാനകേരളം പദ്ധതി നടപ്പിലാക്കുന്നതിനായി SPV (Special Purpose Vehicle) ആയി KASE നെ ചുമതലപ്പെടുത്തണമെന്ന് പരാമർശം (2) ലെ കത്ത് പ്രകാരം ട്രെയിനിംഗ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഈ വിഷയം പരിശോധിച്ചു. വിജ്ഞാനകേരളം പദ്ധതിയുടെ കീഴിൽ സംസ്ഥാനത്തെ 100 ഐ.ടി.ഐ കളിൽ ക്ലാസ് റൂമുകൾ ഡിജിറ്റലൈസ് ചെയ്യാനും കമ്പ്യൂട്ടർ ലാബുകൾ സ്ഥാപിക്കുവാനും ഉള്ള പദ്ധതി നടപ്പിലാക്കുന്നതിനുള്ള SPV (Special Purpose Vehicle) ആയി KASE (Kerala Academy for Skills Excellence) നെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

റെറ്റി പി തോമസ്
അണ്ടർ സെക്രട്ടറി

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം.

അഡ്വൈസർ, വിജ്ഞാനകേരളം, K-DISC, തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ, കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (ട്രെയിനിംഗ് ഡയറക്ടർ മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), തിരുവനന്തപുരം

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Usha Rani L
Date: 03-12-2025 14:43:28

സെക്ഷൻ ഓഫീസർ

പകർപ്പ് : 1. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.-ന്

2. ഉന്നതവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എ-ക്ക്

3. തൊഴിലും നൈപുണ്യവും വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എസ്.-ന്